## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.T 3000

### 18-10-2016 ലെ മറുപടിക്ക്

### കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി ആക്ട്

| ചോദ്യം<br>ശ്രീ. കെ.എം. മാണി | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) 1999-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി ആക്ടിലെ വ്യവസ്ഥകളനുസരിച്ച് ഒരു പൊതു - സ്വകാര്യ പങ്കാളിത്തത്തിലേർപ്പെട്ടിട്ടുള്ള സ്വകാര്യ മേഖലാ പങ്കാളിക്ക് സംസ്ഥാന സഹായം ലഭ്യമാക്കുവാൻ വ്യവസ്ഥയുണ്ടോ? ഉണ്ടെങ്കിൽ എന്തെല്ലാം സംസ്ഥാന സഹായം ലഭിയ്ക്കും; | ഭേദഗതി ചെയ്ത കിഫ് ഓർഡിനൻസ് 2016 -ലെ 2-ാം വകുപ്പ് പ്രകാരം ഒരു പൊതു സ്വകാര്യ പങ്കാളിത്തത്തിലേർപ്പെട്ടിട്ടുള്ള സ്വകാര്യ മേഖലാ പങ്കാളിക്ക് താഴെ പറയുന്ന സംസ്ഥാന സഹായം ലഭിക്കാൻ വ്യവസ്ഥയുണ്ട്<br>1) പദ്ധതിയിൽ വ്യക്തമാക്കാവുന്ന പ്രകാരമുള്ള പ്രോജക്ട് ചെലവിന്റെ അനുപാതത്തിൽ കവിയാതെയുള്ള സബ്സിഡി അല്ലെങ്കിൽ മൂലധനഗ്രാന്റ്<br>2) ഇക്വിറ്റി<br>3) വായ്പകൾ<br>4) സർക്കാർ നൽകുന്ന ഗ്യാരന്റി<br>5) എസ്ക്രോ അക്കൗണ്ട് ആരംഭിക്കലും പ്രവർത്തനവും<br>6) ഏതെങ്കിലും നിയമത്തിൻ കീഴിൽ ചുമത്തുന്ന ഏതെങ്കിലും നികുതിയോ |

| | |
|---|---|
| | ഫീസോ നൽകുന്നതിൽ നിന്നും ഇളവ് നൽകുക, അപ്രകാരം നൽകുന്നതിന് സമയം ദീർഘിപ്പിച്ചു നൽകുക എന്നീ രൂപത്തിലുള്ള ഇളവുകൾ അല്ലെങ്കിൽ പദ്ധതിയിൽ വ്യക്തമാക്കാവുന്ന പ്രകാരമുള്ള മറ്റ് ഇൻസെന്റീവുകൾ. |
| **(ബി)** സംസ്ഥാന സഹായം ലഭിക്കുന്നതിനുവേണ്ടി സ്വകാര്യ മേഖലാ പങ്കാളി എന്തെല്ലാം നടപടികൾ സ്വീകരിക്കേണ്ടതുണ്ട്; | സംസ്ഥാന സഹായം ലഭിക്കേണ്ട സാഹചര്യം പ്രവൃത്തിയുമായി ബന്ധപ്പെട്ട് മുൻകൂട്ടി വിഭാവനം ചെയ്യേണ്ട സന്ദർഭങ്ങളിൽ സർക്കാർ അനുമതിയോടെ ബന്ധപ്പെട്ട കരാറുകളിൽ അതിനായി വ്യവസ്ഥ ചെയ്യേണ്ടതാണ്. അല്ലാത്ത പക്ഷം സർക്കാരിന്റെ പ്രത്യേക അനുമതി തേടേണ്ടത് അനിവാര്യമാണ്. ഇതിന്റെ നടപടി ക്രമങ്ങൾ ഓരോ സാഹചര്യങ്ങൾക്കനുസൃതമായി സർക്കാർ നിശ്ചയിക്കുന്നതാണ്. ഭേദഗതി ചെയ്ത കിഫ് ഓർഡിൻൻസ് 2016 – ലെ 3-ാം വകുപ്പ് പ്രകാരമുള്ള വ്യവസ്ഥകൾ ഏതൊരു പൊതു-സ്വകാര്യ പങ്കാളിത്ത പ്രോജക്ടിനും ബാധകമാണ്. പ്രസ്തുത വ്യവസ്ഥകൾ പാലിക്കുന്ന പ്രോജക്ടുകൾ മാത്രം അർഹമായ പ്രോജക്ടുകളായി കണക്കാക്കുകയും അതിന്റെ വ്യവസ്ഥകളിൽ മുൻകൂട്ടി നിർണ്ണയിക്കും വിധം അവയ്ക്ക് സംസ്ഥാന സഹായം അനുവദിക്കുകയും ചെയ്യുന്നു. |
| **(സി)** സംസ്ഥാന സഹായം ബോർഡ് മുഖാന്തിരമാണോ ലഭ്യമാക്കുന്നത്; അല്ലെങ്കിൽ എപ്രകാരമെന്ന് വിശദമാക്കാമോ? | സംസ്ഥാനത്തെ അടിസ്ഥാന സൗകര്യ വികസന പദ്ധതികളിലെ നിക്ഷേപത്തിനായി 1999 – ലെ കിഫ് ആക്ട് പ്രകാരവും ഭേദഗതി ചെയ്ത കിഫ് ഓർഡിനൻസ് പ്രകാരവും ഒരു നിധി രൂപീകരിച്ചിട്ടുണ്ട്. ഈ നിധിയിൽ ടി |

| | |
|---|---|
| | ഭേദഗതിയിലെ വ്യവസ്ഥകൾ പ്രകാരം സംസ്ഥാന സഹായം ഉൾപ്പെടെ ബോർഡ് സമാഹരിക്കുന്ന ഏതൊരു തുകയും ഉൾപ്പെടുന്നു. നിധിയുടെ ഭരണവും വിനിയോഗവും ബോർഡിൽ നിക്ഷിപ്തമായിരിക്കുന്നതാണ്. കിഫ്ബി വഴി നടപ്പിലാക്കുന്ന അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ കാര്യത്തിൽ സർക്കാരിന്റെ ഒരു ഏജൻസിയായി കിഫ്ബി പ്രവർത്തിക്കുന്നതാണ്. ആയതിനാൽ കിഫ്ബി വഴി നടപ്പിലാക്കുന്ന പ്രോജക്ടുകളെ സംബന്ധിച്ച സംസ്ഥാന സഹായം കിഫ്ബി വഴിയാകും ലഭ്യമാക്കുക. |

**സെക്ഷൻ ഓഫീസർ**